**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 61** **07-10-2024 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റിലെ വിവിധ പ്രോജക്ടുകളിലെ താൽക്കാലിക ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പത്ത് വർഷത്തിലധികമായി സി-ഡിറ്റിൽ വിവിധ പ്രോജക്ടുകളിലായി എത്ര ജീവനക്കാർ താല്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്ത് വരുന്നുവെന്ന് അറിയിക്കുമോ; ഇവരെ സ്ഥിരപ്പെടുത്തുമോ; വിശദമാക്കാമോ; | (എ) | 35 ജീവനക്കാർ പത്തു വർഷത്തിലധികമായി സി-ഡിറ്റിൽ വിവിധ പ്രോജക്ടുകളിൽ താല്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്നു. ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | 2010 ജനുവരി 1-ന് ശേഷം വിവിധ പ്രോജക്ടുകളിൽ നിന്നും എത്ര ജീവനക്കാരെ ജോലിയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും ഏത് മാനദണ്ഡത്തിലാണ് ഇവരെ സ്ഥിരപ്പെടുത്തിയതെന്നും വിശദമാക്കാമോ; | (ബി) | പത്തു വർഷം താത്കാലിക സേവനം പൂർത്തിയാക്കിയ 174 ജീവനക്കാരെ 2010 ജനുവരി 1-ന് ശേഷം സി-ഡിറ്റിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ദീർഘകാലമായി ജോലി ചെയ്യുന്നവരെ മാനുഷിക പരിഗണന നൽകിയാണ് സർക്കാർ സ്ഥിരപ്പെടുത്തി ഉത്തരവായിട്ടുള്ളത്. |
| (സി) | 2015, 2021 വർഷങ്ങളിൽ നടന്ന സ്ഥിരപ്പെടുത്തലുകളിൽ ജീവനക്കാരുടെ ശമ്പള സ്കെയിൽ നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; ശമ്പള സ്കെയിൽ നിശ്ചയിക്കാൻ കമ്മിറ്റി രൂപീകരിച്ചിരുന്നോ; വിശദമാക്കാമോ; | (സി) | സി-ഡിറ്റിൽ നിലവിൽ അനുവദിച്ച തസ്തികകളിൽ അതിനനുസരിച്ചും പുതിയ തസ്തികകളിൽ സർക്കാരിലെ സമാന തസ്തികകളുടെ മിനിമം ശമ്പള സ്കെയിൽ അടിസ്ഥാനമാക്കിയുമാണ് സ്ഥിരപ്പെടുത്തിയ തസ്തികയുടെ ശമ്പളസ്കെയിൽ നിശ്ചയിച്ചത്. ശമ്പള സ്കെയിൽ നിശ്ചയിക്കാൻ കമ്മിറ്റി രൂപീകരിച്ചിരുന്നില്ല . |
| (ഡി) | ട്രെയിനിയായി ജോലിയിൽ പ്രവേശിച്ചവരെയും സി-ഡിറ്റിൽ നിന്നും ജോലി രാജിവെച്ച് പോയവരെയും 2021-ൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | 2021-ൽ സ്ഥിരപ്പെടുത്തിയവരിൽ സി-ഡിറ്റിൽ ട്രെയിനിയായി ജോലിയിൽ പ്രവേശിച്ച് പിന്നീട് താത്കാലികമായി കരാറിൽ നിയമിക്കപ്പെട്ടവരും ഉൾപ്പെട്ടിരുന്നു. ഇവരുടെ വിശദാംശങ്ങൾ <u>അനുബന്ധം 1</u> ആയി ചേർക്കുന്നു. സി-ഡിറ്റിൽ നിന്നും ജോലി രാജിവച്ചു പോയവരെ 2021-ൽ സ്ഥിരപ്പെടുത്തിയിട്ടില്ല. |
| (ഇ) | സി-ഡിറ്റിൽ ജോലിയിൽ പ്രവേശിച്ച സമയത്തെ തസ്തികയിൽ നിന്നും വിഭിന്നമായി തസ്തിക മാറ്റം ലഭിച്ച് 2021-ൽ സ്ഥിരപ്പെടുത്തിയവരുടെ വിശദാംശം ലഭ്യമാക്കുമോ? | (ഇ) | വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

പിരിവ് (ഡി ) പ്രകാരമുള്ള പട്ടിക

| Sl No | Name of Employee | Initial Designation |
|---|---|---|
| 1 | Sreelekshmy R | Programmer Trainee |
| 2 | Raghith A | Programmer Trainee |
| 3 | Syam Kumar K | Technical Assistant Trainee |
| 4 | Girish R | Technical Assistant Trainee |
| 5 | Sarath Kumar K | Technical Assistant Trainee |
| 6 | Soumya T | Designer Trainee |
| 7 | Santhosh C | Designer Trainee |
| 8 | Sreekumar S S | Junior Technician Trainee |
| 9 | Manikuttan B | Junior Technician Trainee |
| 10 | Raji A L | Call Centre Executive Trainee |

അനുബന്ധം - II

| ക്രമ.നം | ജീവനക്കാരൻറെ പേര് | താത്കാലിക ജോലിയിൽ പ്രവേശിച്ച തസ്തിക | താത്കാലിക ജോലിയിൽ പ്രവേശിച്ച തീയതി | കരാർ നിയമന തസ്തിക - തീയതി | സ്ഥിരപ്പെടുത്തിയ തസ്തികയും ശമ്പള സ്കെയിലും |
|---|---|---|---|---|---|
| 1 | പാർവതി തമ്പി | കണ്ടന്റ് ഡെവലപ്പർ | 15.10.2008 | ഓഫീസ് അസിസ്റ്റന്റ് (കമ്മ്യൂണിക്കേഷൻ ) - 27.02.2019 | ഓഫീസ് അസിസ്റ്റന്റ് ( 10th PR 26000-56700) |
| 2 | സത്യനേശൻ എം വി | പ്രൊഡക്ഷൻ കോർഡിനേറ്റർ | 03.07.2010 | വീഡിയോ പ്രൊഡക്ഷൻ കോർഡിനേറ്റർ- 27.02.2019 | വീഡിയോ പ്രൊഡക്ഷൻ അസിസ്റ്റന്റ് ( 10th PR 18000-41500) |